# മൂല്യവർധിത ഉൽപന്നങ്ങളുമായി 100 കർഷക സംരംഭങ്ങൾ

## വാഴപ്പഴം, ചക്ക, തേൻ, നാളികേരം എന്നിവയിൽ നിന്നാകും മൂല്യവർധിത ഉൽപന്നങ്ങൾ

**മനോരമ ലേഖകൻ**

തിരുവനന്തപുരം● പഴം തിന്ന ശേഷം തൊലി വലിച്ചെറിയാൻ വരട്ടെ. പഴത്തൊലിയിൽ നിന്ന് ആഹാരമാ വളമോ ഉൽപാദിപ്പിക്കാൻ കഴിഞ്ഞാലോ? വാഴപ്പഴം, ചക്ക, തേൻ, നാളികേരം എന്നിവയിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമാണത്തിനായി സംസ്ഥാനത്തു 100 കർഷക സംരംഭക കമ്പനികൾ വരുന്നു. മൂല്യവർധിത വിപണിയിൽ കേരളത്തിലെ കാർഷിക വിഭവങ്ങൾക്കുള്ള രാജ്യാന്തര താൽപര്യം തിരിച്ചറിഞ്ഞാണു സർക്കാരിന്റെ ചടുലനീക്കം.

നിലവിൽ ചക്ക, നാളികേരം എന്നിവയിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങൾ പുറത്തിറങ്ങുന്നുണ്ട്. എന്നാൽ, പുതിയ ഉൽപന്നങ്ങൾ അവതരിപ്പിച്ചാകും കർഷക കമ്പനികൾ രാജ്യാന്തര മൂല്യവർധിത വിപണിയിൽ പ്രവേശിക്കുക.

കാർഷികോൽപന്നങ്ങളുടെ സംസ്കരണവും മൂല്യവർധിത ഉൽപന്ന നിർമാണവും സംസ്ഥാനത്തു വേണ്ടപോലെ പച്ച പിടിച്ചിട്ടില്ല. കാർഷിക വിഭവങ്ങളുടെ 10% മാത്രണു മൂല്യവർധിത ഉൽപന്ന നിർമാണത്തിനായി ഉപയോഗിക്കുന്നത്. അതേസമയം, കർഷകരിൽ നിന്നു കാർഷിക വിഭവങ്ങൾ തുച്ഛവിലയ്ക്കു വാങ്ങി സ്വകാര്യ ഏജൻസികൾ ലാഭം കൊയ്യുകയും ചെയ്യുന്നു. ചക്ക, നാളികേരം എന്നിവയെ ചില ഏജൻസികൾ തങ്ങളുടെ ഉൽപന്നങ്ങളുമായി കൂട്ടിക്കലർത്തി വ്യാജ ലേബലിൽ മൂല്യവർധിത ഉൽപന്നങ്ങളായി ലോകവിപണിയിൽ പുറത്തിറക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതിനെല്ലാമുള്ള പരിഹാരമെന്ന നിലയിലാണു കർഷകരെ തന്നെ സംരംഭകരാക്കി ഇടനിലക്കാരുടെ സഹായമില്ലാതെ ഉൽപന്നങ്ങൾ കർഷകർ തന്നെ സർക്കാരിന്റെ പിന്തുണയോടെ വിപണിയിലെത്തിക്കാൻ തയാറെടുക്കുന്നത്.

പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന തനതു കാർഷിക വിഭവങ്ങൾക്കാണ് ആഗോളവിപണിയിൽ പ്രിയമെന്നും അതിനു കേരളത്തിലെ കർഷകരെ പ്രാപ്തരാക്കി എടുക്കുകയുമാണെന്നും കൃഷിമന്ത്രി വി.എസ്.സുനിൽകുമാർ മനോരമയോടു പറഞ്ഞു. ഓരോ കമ്പനികളുടെയും ഉൽപന്നങ്ങൾ പ്രത്യേകം ബ്രാൻഡിലാകും പുറത്തിറങ്ങുക. കർഷരെയും യുവസംരംഭകരെയും ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായും പദ്ധതികൾ ആസൂത്രണം ചെയ്യും. പ്രാദേശികാടിസ്ഥാനത്തിൽ ഉൽപന്ന സംസ്കരണത്തിനും വിപണനത്തിനുമായി പരിശീലനവും സാങ്കേതിക സഹായവും നൽകും.

എല്ലാ പഞ്ചായത്തുകളിലും കാർഷിക കർമസേനയും ബ്ലോക്കുകളിൽ അഗ്രോ സർവീസ് സെന്ററുകളും ആരംഭിക്കും. വിദഗ്ധ തൊഴിലാളികളുടെ സേവനം കൃഷിയിടങ്ങിൽ ലഭ്യമാക്കുക, ശാസ്ത്രീയകൃഷി പരിചയപ്പെടുത്തുക, ഭക്ഷ്യ സ്വയംപ്രാപ്തിയിലേക്കു സംസ്ഥാനത്തെ നയിക്കുക എന്നിവയാണു കർമസേനകളുടെ ലക്ഷ്യം.

10 ലക്ഷം രൂപ വീതം കർമസേനയ്ക്കു ധനസഹായമായി കിട്ടും. ഇതിൽ, ഒൻപതു ലക്ഷം യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ഉപയോഗിക്കും. ബ്ലോക്കുതലത്തിലുള്ള അഗ്രോസർവീസ് സെന്ററുകൾക്കാണു കർമസേനകളുടെ ചുമതല.